പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 384* 24.8.2017-ൽ മറുപടിയ്ക്ക്

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ.കെ. രാജൻ :** | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ<br>മന്ത്രി) |
| എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; സംശുദ്ധമായ ഇറച്ചി ഉല്പന്നങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | എ) ആരോഗ്യമുള്ള മൃഗങ്ങളെയും പക്ഷികളെയും ശാസ്ത്രീയരീതിയിൽ കശാപ്പ് ചെയ്ത് അതീവ ശുചിയായി ഉത്പാദിപ്പിക്കുന്ന മാംസവും മാംസോൽപന്നങ്ങളും ജനങ്ങളിൽ എത്തിക്കുക എന്നതാണ് മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉദ്ദേശലക്ഷ്യം. അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ മുതൽ ഉൽപന്നങ്ങൾ ഉപഭോക്താവിന്റെ കൈകളിൽ എത്തുന്നതുവരെയുള്ള എല്ലാ മേഖലകളിലും വിദഗ്ധ വെറ്ററിനറി ഡോക്ടർമാർ ആവശ്യമായ പരിശോധനകൾ നടത്തി കർശനമായ ഗുണനിലവാരം ഉറപ്പ വരുത്തുന്നു. വിദഗ വെറ്ററിനറി ഡോക്ടർമാരുടെ നിരീക്ഷണത്തിൽ മൃഗങ്ങൾ രോഗവിമുക്തമാണെന്ന് ഉറപ്പവരുത്താൻ കശാപ്പ ചെയ്യുന്നതിനുമുൻപ് ആന്റിമോർട്ടം ഇൻസ്പെക്ഷനും ശേഷം പോസ്റ്റ്മോർട്ടം ഇൻസ്പെക്ഷനും നടത്തുന്നു. അതിനുശേഷം മാംസം ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നു. |
| ബി) മാംസ ഉല്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി | ബി) 200 പന്നികളെയും 200 മാടുകളെയും പ്രതിദിനം കശാപ്പ ചെയ്യാനുള്ള |

അയക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

ഹൈടെക് സ്ളോട്ടർ ഹൗസിന്റെ ട്രയൽ റൺ കഴിഞ്ഞു. പ്രവർത്തനസജ്ജമായി കഴിഞ്ഞാൽ ഉൽപ്പാദനം കൂട്ടാനും കയറ്റുമതി ചെയ്യാനും സാധിക്കും.

സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി ഭക്ഷ്യമാംസ ഉല്പന്നങ്ങൾ വിൽക്കുന്നതിനുള്ള ഔട്ട് ലെറ്റ് തുടങ്ങുന്നതിന് സഹായം നല്കുന്നുണ്ടോ; വ്യക്തമാക്കുമോ;

സി) ഉണ്ട്. സംസ്ഥാന പട്ടികജാതി വികസന വകുപ്പും മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ''മീറ്റ് ഷോപ്പ്'' പദ്ധതി പ്രകാരം അഭ്യസ്ത വിദ്യരായ തൊഴിൽരഹിതർക്ക് മീറ്റ് ഷോപ്പുകൾ തുടങ്ങുന്നതിനുള്ള പദ്ധതി എം.പി.ഐ നടപ്പിലാക്കി വരുന്നു. ഇതുപ്രകാരം ഒരു ഗുണഭോക്താവിന് മീറ്റ് ഷോപ്പ് തുടങ്ങുന്നതിനായി കടമുറി സജ്ജീകരിക്കുന്നതിനുവേണ്ടി 3 ലക്ഷം രൂപയുടെ ധനസഹായം നൽകി വരുന്നു.

ഡി) ഈ സ്ഥാപനത്തിന് കീഴിൽ കന്നുകാലി, കോഴി, ആട് എന്നിവ വളർത്തുന്നതിനുള്ള സംവിധാനമുണ്ടോ; വ്യക്തമാക്കുമോ?

ഡി) എം.പി.ഐ യിൽ പന്നി, കോഴി എന്നിവ വളർത്തുന്നതിനുള്ള സംവിധാനം ഉണ്ട്.

സെക്ഷൻ ഓഫീസർ